LIBRARY ARCHIVES Kerala Legislative Assembly

നാളികേരത്തിന്റെ വിലയിടിവ്

221 (1598) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേരത്തിന്റെ വിലയിടിവ്മൂലം കർഷകർക്കുണ്ടാവുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; നാളികേരം സംഭരിക്കുന്നതിൽ സർക്കാർ നിശ്ചയിച്ച വില കർഷകർക്ക് ലഭ്യമാവുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നാളികേരത്തിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ് കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. വിപണി വിലയേക്കാൾ ഉയർന്ന വില നൽകിയാണ് കൃഷിഭവൻ വഴി കേരഫെഡ് നാളികേരം സംഭരിക്കുന്നത്. സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലെയും തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടുദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകിവരുന്നത്. പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്.

കാർഷികോൽപ്പന്ന വിലയിടിവ്

222 (1599) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യ നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകർ ഇപ്പോഴും കാർഷികോൽപന്ന വിലയിടിവ് നേരിടുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചി ട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ആത്മഹത്യ നടന്നിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ കർഷകരെ നിലവിൽ ഏറ്റവും അധികം ബാധിച്ച റബ്ബർ വിലയിടിവ് നേരിടുന്നതിനായി സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നനിന്ന സാഹചര്യത്തിൽ 25-2-2014-ലെ സ.ഉ.(എം.എസ്.) നമ്പർ 56/2014/കൃഷി ഉത്തരവ് പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിരുന്നു. റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 2015-16-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം നടപ്പാക്കുന്ന "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" പ്രകാരം റബ്ബറിന്റെ താങ്ങുവിലയും കിലോയ്ക്ക് അതതുദിവസം റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡിയായി നൽകുന്നുണ്ട്. പദ്ധതി പ്രകാരം RSS-4, RSS-5 ഇനത്തിലുള്ള റബ്ബറിനുപുറമെ ലാറ്റക്സിനും സബ്സിഡി അനുവദിക്കുന്നുണ്ട്.

കൂടാതെ മറ്റുപ്രധാന കാർഷികോൽപ്പന്നങ്ങളായ നെല്ല്, തേങ്ങ എന്നിവയുടെ വിലയിടിവ് തടയുന്നതിനായി വിവിധ ഏജൻസികൾ മുഖേന അവ സംഭരിക്കുന്നുണ്ട്.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരണം നടത്തുന്നുണ്ട്. 2015-16-ൽ നാളിതുവരെ 1,88,980 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

കേരഫെഡ് മുഖേന കിലോയ്ക്ക് 25 രൂപ നിരക്കിൽ വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടുദിവസം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനുകളിൽ നേരിട്ട് നൽകാവുന്നതാണ്. നാളിതുവരെ 371 കൃഷിഭവനുകളിൽനിന്നും 83,160 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly